I ഇ.ബി. XII-കേരള നിയമസഭ /V-5

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂൺ 27, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയനോട്ടീസ്

‘ലിസ് ’ എന്ന ധനകാര്യ സ്ഥാപനത്തിന്റെ പേരിൽ കൈക്കൂലി വാങ്ങിയത് സംബന്ധിച്ച്

മി. സ്പീക്കർ: ആയിരക്കണക്കിന് സാധാരണക്കാരായ നിക്ഷേപകരെ വഞ്ചിക്കുകയും ഗുരുതരമായ ക്രമക്കേടുകൾ കാണിക്കുകയും ചെയ്ത ‘ലിസ്’ എന്ന ധനകാര്യ സ്ഥാപനത്തിനെതിരെയുള്ള അന്വേഷണം മരവിപ്പിക്കാൻ ശ്രമിക്കുകയും മറ്റൊരു പേരിൽ ധനകാര്യ സ്ഥാപനം നടത്താൻ അനുമതി നൽകുകയും ചെയ്ത ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. സർക്കാരുമായി നേരിട്ട് ബന്ധമില്ലാത്ത വിഷയമായതുകൊണ്ട്

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നൽകുന്നില്ല. ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുന്നതിന് ശ്രീ വി.ഡി. സതീശന് അവസരം നൽകുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): 'ലിസ്' എന്ന സ്ഥാപനത്തിന്റെ പേരിൽ ഒരു കോടി രൂപ കൈക്കൂലി വാങ്ങിച്ച ശ്രീ. വേണുഗോപാലിനെ മുഖ്യമന്ത്രിയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും അംഗങ്ങളായ സെക്രട്ടേറിയറ്റാണ് പുറത്താക്കിയത്. ദേശാഭിമാനിയിലെ ഉദ്യോഗസ്ഥനായ ശ്രീ. വേണുഗോപാൽ ഭരണത്തിലെ ഉന്നതർക്കുവേണ്ടിയാണ് രൂപ വാങ്ങിയതെന്നത് വ്യക്തമാണ്. ഇതിന് ഗവൺമെന്റുമായി ബന്ധമില്ലെന്നു പറയുന്നതിനോട് യോജിക്കാനാവില്ല. ശ്രീ. വേണുഗോപാലിനെതിരെ നടപടിയെടുക്കാത്ത ഗവൺമെന്റിന്റെ സമീപനം പ്രതിഷേധാർഹമാണ്. ഇത് സംബന്ധിച്ച് അന്വേഷിച്ച് ഐ.ജി. 3 പ്രധാനപ്പെട്ട കുറ്റങ്ങൾ കണ്ടെത്തിയിട്ടും 1934-ലെ ആർ.ബി.ഐ. ആക്ടനുസരിച്ച് കേസെടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സംസ്ഥാന ഗവൺമെന്റ് അനുമതി കൊടുത്തില്ല. ഈ പണം ആരുടെ കൈകളിലെത്തി എന്നാണ് ജനങ്ങൾക്കറിയേണ്ടത്. ഇതിനെക്കുറിച്ച് മെൻഷൻ ചെയ്യാൻ പോലും തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ വീണ്ടും ഹാജരാകുകയും ചെയ്തു)

## ശ്രദ്ധ ക്ഷണിക്കൽ

(1) നിർമ്മാണ രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധി

ശ്രീ. ആനത്തലവട്ടം അനന്ദൻ: മണൽ വാരുന്നതിലും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിലും ഏർപ്പെടുത്തിയ നിയന്ത്രണത്തിന്റെ ഫലമായി മണൽ, മെറ്റൽ തുടങ്ങിയ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും വില വർദ്ധനവുംമൂലം നിർമ്മാണ രംഗത്ത് പ്രതിസന്ധി നിലനിൽക്കുകയാണ്. മണലിന് പകരം ആദായകരമായി ഉപയോഗിക്കാവുന്ന വസ്തുക്കൾ കണ്ടെത്താനും അത് ഉപയോഗിക്കാനുള്ള ബോധവൽക്കരണത്തിനും അടിയന്തിര നടപടി സ്വീകരിക്കണം. നദീതീരങ്ങൾക്ക് ദോഷം വരാത്തവിധം 10 മീറ്റർ ആഴത്തിൽ മാത്രം മണലെടുക്കാൻ സംവിധാനമുണ്ടാക്കണം. 2001-ൽ പാസ്സാക്കിയ നദിതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ബിൽ ഫലപ്രദമായി നടപ്പിലാക്കണം. തൊഴിലാളി പ്രതിനിധികളും ജനപ്രതിനിധികളും അടങ്ങുന്ന കടവ് കമ്മിറ്റികൾ രൂപീകരിക്കണം. അർഹതപ്പെട്ട ക്വാറികൾക്ക് ലൈസൻസ് നൽകുകയും ഈ രംഗത്ത് മാഫിയ സംഘങ്ങളെ നിയന്ത്രിക്കുകയും വേണം. ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സംനിൽക്കുന്ന ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലുള്ള നിയമത്തിലെ പോരായ്മകൾ നികത്തി കർക്കശമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും അതിന്മേലുണ്ടാക്കിയ ചട്ടങ്ങളും അനുസരിച്ച് സെസ്സ്, സി.ഡബ്ളിയു.ആർ. ഡി.എം. എന്നിവയുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മണൽ

വാരുന്നതിന് അനുവാദം നൽകുന്നത്. മണൽവാരൽമൂലം ജൈവ–ബൗദ്ധിക–പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമാകുന്നതിനാലാണ് ഇതിനെ നിയന്ത്രിക്കുന്നതിന് നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്തൊട്ടാകെ വ്യാപകമാക്കിവരുന്നത്. ഇതുമൂലം മണൽ ദൗർലഭ്യം പല സ്ഥലങ്ങളിലും അനുഭവപ്പെടുന്നുണ്ട്. മണലിന് തുല്യമായ മറ്റ് ഘടകങ്ങൾ ലഭ്യമാക്കി ദൗർലഭ്യം പരിഹരിക്കാനായി ശാസ്ത്രസമൂഹം പഠനം നടത്തി ചില വസ്തുതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുള്ളത് സംബന്ധിച്ച് വിദഗ്ദ്ധ സമിതി പരിശോധിക്കുകയും റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, സെസ്സ് എന്നീ വകുപ്പുകളുമായി ഇക്കാര്യം കൂട്ടായി ചർച്ചചെയ്ത് ആവശ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്. മണൽ വിലയും വീടുകളുടെ എണ്ണവും വർദ്ധിച്ച സാഹചര്യത്തിൽ മണലിന്റെ ലഭ്യത സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. അനധികൃത മണൽ വാരൽ തടയുന്നതോടൊപ്പം ഗവൺമെന്റിന്റെ വരുമാനവും വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ ക്വാറികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതോടൊപ്പം കടൽഭിത്തി കെട്ടാനും കടലിൽ കല്ലിടാനും ആവശ്യമായ സാഹചര്യമുണ്ടാക്കുന്നതാണ്. ഗവൺമെന്റിന്റെയും സ്വകാര്യ സംരംഭകരുടെയും നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടാകുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി, ജില്ലാ കളക്ടർമാർ., പോലീസ് ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ

പങ്കെടുപ്പിച്ചുകൊണ്ട് രണ്ട് യോഗം വിളിച്ചുചേർക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) കുട്ടനാട്ടിലെ നെൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നം

ശ്രീ. തോമസ് ചാണ്ടി: ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കർഷകർക്ക് നെൽ സംഭരണത്തിന് അനുവദിച്ച 10 കോടി രൂപയിൽ ഒരു കോടി രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. ബാക്കി തുക എത്രയും പെട്ടെന്ന് നൽകുകയും ബാങ്ക് ഗ്യാരന്റി കൊടുത്തുകൊണ്ട് ഒരാഴ്ചയ്ക്കകം ബാങ്കുകളിൽനിന്നും കർഷകർക്ക് തുക പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): നെൽ കർഷകരുടെ ബാദ്ധ്യത പൂർണ്ണമായും പരിഹരിക്കുന്നതാണ്. 8 ലക്ഷം ക്വിന്റൽ നെൽ സംഭരിച്ചിരുന്നിടത്ത് പുതിയ സംവിധാനത്തിലൂടെ കേരളത്തിലെ 5 ജില്ലകളിലെ 18 താലൂക്കുകളിൽ നിന്നായി 15.17 ലക്ഷം ക്വിന്റൽ നെല്ല് സംഭരിച്ച് സർവ്വകാല റെക്കോർഡാണ് സ്ഥാപിച്ചിട്ടുള്ളത്. കർഷകർക്ക് കൊടുക്കേണ്ട തുക സംബന്ധിച്ച് സഹകരണ-കൃഷി വകുപ്പുമന്ത്രിമാരുമായി ചർച്ചചെയ്ത് 12 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും അതിന്റെ ആദ്യഭാഗമായി ഒരു കോടി രൂപയുടെ ചെക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാടിന്റെ പ്രത്യേക ഭൂമിശാസ്ത്രപരമായ സാഹചര്യം കണക്കിലെടുത്ത് കർഷകരെ സഹായിക്കാനായി സപ്ലൈകോ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞവർഷം അമ്പത്തിയഞ്ച് കോടി മുപ്പത് ലക്ഷം രൂപ

കർഷകർക്ക് നൽകിയ സ്ഥാനത്ത് ഈ വർഷം 116.29 കോടി രൂപ നൽകി. ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്ക് എഴുപത്തിയാറ് കോടി ഇരുപത്തിയൊൻപത് ലക്ഷം രൂപയും മങ്കൊമ്പ് പാഡി മാർക്കറ്റ് ഓഫീസ് മുഖേന അഞ്ച് കോടി രൂപയുമാണ് നൽകേണ്ടത്.

## സബ്മിഷൻ

(1) പരിയാരം സഹകരണ മെഡിക്കൽ കോളേജിലേയ്ക്കുള്ള നോമിനേഷൻ

ശ്രീ. വി. ഡി. സതീശൻ : പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഭരണ സമിതി അംഗം ശ്രീ. എം. പി. സാജുവിനെ പിരിച്ചുവിടണമെന്ന് കാണിച്ച് നോട്ടീസ് കൊടുത്തിട്ടുള്ളതിന്മേലുള്ള പരാതി പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയുടെ 20-3-2007-ൽ ചേർന്ന യോഗത്തിൽ നോട്ടീസിൽ ഉൾപ്പെടുത്താത്ത ഇനങ്ങൾ ഉൾപ്പെടുത്തരുതെന്നും ബാങ്ക് പ്രസിഡന്റ് എന്തെങ്കിലും ഉൾപ്പെടുത്തിയാൽ അത് റദ്ദ് ചെയ്യേണ്ടതാണെന്നും ഭരണസമിതി അംഗങ്ങളായ ശ്രീ. എം.പി. സാജു മുതൽ പേർ 20-3-2007-ൽ സഹകരണസംഘം രജിസ്ട്രാർക്ക് പരാതി നൽകുകയും തുടർന്ന് പരാതി എക്സിബിറ്റ് ആയി രേഖപ്പെടുത്തി അതിൻമേൽ അന്വേഷണം നടത്തണമെന്ന് അപേക്ഷിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തു. ഹൈക്കോടതിയുടെ 2-4-2007-ലെ അന്തിമ ഉത്തരവുപ്രകാരം സഹകരണ സംഘം രജിസ്ട്രാർ പരിശോധന നടത്തി 20-3-2007-ൽ ബാങ്കിന്റെ ഭരണ

സമിതി എടുത്ത തീരുമാനങ്ങൾ റദ്ദു ചെയ്യണമെന്ന പരാതിക്കാരുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് പരാമർശിച്ച് 2-5-2007-ന് ഉത്തരവ് നൽകിയിരുന്നു. 20-3-2007-ലെ ഭരണ സമിതി യോഗത്തിലെ 19-ാം നമ്പർ അജണ്ടയിന്മേലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള ഹോസ്പിറ്റൽ കോംപ്ളക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസിലെ ജില്ലാ സഹകരണ ബാങ്കിന്റെ നിലവിലുള്ള നോമി നിയെ പിൻവലിക്കാൻ തീരുമാനമെടുത്തത്. 2-5-2007-ലെ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് റദ്ദുചെയ്യണമെന്ന പരാതിക്കാരുടെ ആവശ്യ ത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്ന് കണ്ടെത്തി ഈ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ തള്ളിക്കളഞ്ഞി ട്ടുള്ളതാണ്. ഡിവിഷൻ ബെഞ്ചിൽ പരാതിക്കാർ അപ്പീൽ ഫയൽ ചെയ്യു കയും ജൂൺ 29 വരെ ശ്രീ. സാജുവിന് തുടരാമെന്ന് ഹൈക്കോടതി നിർദ്ദേ ശിക്കുകയും ചെയ്തു. ഈ പ്രശ്നം ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ തീരുമാനമനുസരിച്ച് പ്രവർത്തിക്കും. കോടതി തീരുമാനങ്ങ ളോട് നിയമപരമായി അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അത് കോടതിയിൽ തന്നെ ഉന്നയിച്ച് പരിഹരിക്കും.

(2) <u>തേക്കടി ചക്കുപള്ളം കുടിവെള്ള പദ്ധതി</u>

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: തേക്കടി ചക്കുപള്ളം കുടിവെള്ള പദ്ധതി 1993-ൽ ഉൽഘാടനം ചെയ്തുവെങ്കിലും ചില പ്രദേശങ്ങളിൽ ഒട്ടും വെള്ളം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ പദ്ധതി ജനങ്ങൾക്ക് പ്രയോജനകരമാ

കത്തക്ക നിലയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് ജലവിതരണം നടത്തുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിവരികയാണ്. പ്രവർത്തനരഹിതമായിട്ടുള്ള പൊതു ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സംബന്ധിച്ച് എം. എൽ. എ.യുടെ സാന്നിദ്ധ്യത്തിൽത്തന്നെ ബന്ധപ്പെട്ടവരുടെ ഒരു അവലോകന യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പുനലൂർ-ആര്യങ്കാവ് കോട്ടവാസൽ റോഡിന്റെ പുനരുദ്ധാരണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പുനലൂർ മുതൽ കോട്ടവാസൽ വരെയുള്ള റോഡ് യാതൊരു തരത്തിലും ഗതാഗതയോഗ്യമല്ല. ശബരിമല സീസൺ അടുക്കുമ്പോൾ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം മാത്രമാണ് ഈ റോഡ് പുതുക്കിപ്പണിയുന്നത്. സീസൺ കഴിയുമ്പോൾ റോഡ് പൊളിയും. ഈ റോഡ് ഗതാഗത യോഗ്യമാക്കാൻ ശക്തമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള): കൊല്ലം-തിരുമംഗലം ദേശീയപാതയിൽ പുനലൂർ മുതൽ ആര്യങ്കാവ് വരെയുള്ള ഭാഗത്തെ ഉപരിതലം പുതുക്കുന്നതിനും ഓടകൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റോഡ് പണിക്കായി 10,79,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(4) കഠിനംകുളം പഞ്ചായത്തിലെ ഭൂമി കയ്യേറ്റം

ശ്രീ. എം. എ. വാഹീദ്: കഠിനംകുളം പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയും തോടും കുളങ്ങളുമെല്ലാം വിവിധ സ്വകാര്യ വ്യക്തികൾ കയ്യടക്കി വച്ചിരിക്കുകയാണ്. വിവിധ സംഘടനകൾ ഇതിനെതിരായി സമരം നടത്തിയെങ്കിലും കഴക്കൂട്ടം പോലീസ് യൂത്ത് കോൺഗ്രസ് സ്ഥലം കയ്യേറുന്നുവെന്നു പറഞ്ഞ് അവരെ അറസ്റ്റ് ചെയ്യുകയും കേസ് എടുക്കുയും ചെയ്തിരിക്കുകയാണ്. കേസ് പിൻവലിക്കുന്നതിനും പുറമ്പോക്ക് ഭൂമിയും തോടും കുളങ്ങളുമെല്ലാം സംരക്ഷിക്കുന്നതിനും ഇവ തിരിച്ചുപിടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സ്വകാര്യ വ്യക്തി കയ്യേറി പൈപ്പ് സ്ഥാപിച്ചതായി പറയപ്പെടുന്ന ഭാഗം പുറമ്പോക്ക് ഭൂമിയായി രേഖപ്പെടുത്തി കാണുന്നില്ല. ഇതിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ളത് വിശദമായ റീസർവ്വേയിൽക്കൂടി പരിശോധിച്ച് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ തിരിച്ചുപിടിക്കാനും അത് ഗവൺമെന്റിൽ നിക്ഷിപ്തമാക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കാസർകോട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർകോട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ട് മാസങ്ങളായിയെങ്കിലും അവിടെ കുടിവെള്ള പദ്ധതി ആരംഭിക്കാൻ കഴിയാത്തതിനാൽ കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള പദ്ധതി ആരംഭിക്കാനും കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാനും കാസർകോട് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്താനും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാ

രുടെയും ഒഴിവുകൾ നികത്താനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കാസർകോട് താലൂക്ക് ആശുപത്രിയോടനുബന്ധിച്ചുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും ചില അത്യാവശ്യ സംവിധാനങ്ങൾ കൂടി ഒരുക്കേണ്ടതായിട്ടുണ്ട്. എത്രയും വേഗം ഈ സൗകര്യങ്ങൾ ഒരുക്കി സെപ്റ്റംബർ-ഒക്ടോബർ മാസത്തോടുകൂടി ആശുപത്രി ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിൽ കാലതാമസം ഉണ്ടാകുന്നുവെങ്കിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്ത് മറ്റ് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കും. സ്റ്റാഫിന്റെ കുറവ് അനുഭവപ്പെടുന്നില്ല. കാസർകോട് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നകാര്യം ബന്ധപ്പെട്ടവരുടെ യോഗത്തിൽ വച്ച് പരിശോധിച്ച് തീരുമാനം എടുക്കാവുന്നതാണ്.

(6) നദീതീരങ്ങളുടെയും കുളിക്കടവുകളുടേയും സംരക്ഷണം

ശ്രീ. ബാബു പോൾ: എറണാകുളം ജില്ലയിലെ പെരിയാർ, മൂവാറ്റുപുഴ ആറ്, തൊടുപുഴ ആറ് എന്നിവയിൽ നിന്നും മണൽ വാരുന്നതിന്റെ ഫലമായി ഈ നദികളുടെ ഇരു കരകളും വ്യാപകമായി ഇടിയുകയും തീരങ്ങളിൽ നിൽക്കുന്ന കൃഷി നശിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ജില്ലാതല വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ആർ.എം.എഫ്. -ൽ നിന്ന് 57 കടവുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി ശുപാർശ

ചെയ്തെങ്കിലും ആറുമാസമായി ഗവൺമെന്റ് അനുമതി നൽകാത്തതിനാൽ എത്രയും പെട്ടെന്ന് അനുമതി നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മൂവാറ്റുപുഴ-തൊടുപുഴ നദീതീര സംരക്ഷണത്തെ സംബന്ധിച്ചും എറണാകുളം ജില്ലയിലെ വിവിധ പദ്ധതികളെ സംബന്ധിച്ചും ഭരണാനുമതിക്കായി സർക്കാരിന് ലഭിച്ച ശുപാർശകൾ 7-3-07-ൽ കൂടിയ ഹൈലെവൽ കമ്മിറ്റി പരിശോധിക്കുകയും നദികളെ സംരക്ഷിക്കാൻ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ കൂടാതെ പ്രസ്തുത ആവാസ വിതാനം, ജലവിതാനം തുടങ്ങിയവയെ പരിഗണിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം എന്ന് അഭിപ്രായപ്പെടുകയും ചെയ്ത സാഹചര്യത്തിൽ .പുതുക്കിയ ശുപാർശകൾ ലഭ്യമാക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിന്നും മൂവാറ്റുപുഴയിൽ നിന്നും പുതുക്കിയ ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

## (7) രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹകരണ ബാങ്കുകൾ പണം ചെലവിടണമെന്ന ആവശ്യം

ശ്രീ. രാജു എബ്രഹാം: പകർച്ചപ്പനി പടർന്നുപിടിച്ചിരിക്കുന്ന പത്തനംതിട്ട ജില്ലയിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നു വാങ്ങാനും ഭക്ഷ്യക്ഷാമമുള്ള സ്ഥലങ്ങളിൽ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാനും ജില്ലാ സഹകരണ ബാങ്കുകളും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും നൽകിക്കൊണ്ടിരുന്ന ധനസഹായം തുടർന്നും അനുവദിക്കുന്നതിന് അനുമതി നൽകണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പത്തനംതിട്ട ജില്ലയിൽ പകർച്ചപ്പനി തടയുന്നതിനും പരിസര മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്കും പൊതുജന ബോധവൽക്കരണത്തിനും പനി ബാധിത പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ ഓരോ ശാഖയുടേയും പ്രവർത്തന പരിധിയിലുള്ള പ്രവർത്തനങ്ങൾക്ക് ശാഖ ഒന്നിന് 5,000 രൂപ നിരക്കിലും ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ പരമാവധി 10,000 രൂപവരേയും അതാതു സംഘത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ചെലവഴിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥനപ്രകാരം കോട്ടയം ജില്ലാ സഹകരണ ബാങ്കിന് ഒരു ലക്ഷം രൂപവരേയും ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ പരമാവധി 10,000 രൂപ വരേയും അതാതു സംഘത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ചെലവഴിക്കാൻ 20.6.2007-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുങ്ങിയത് 40 ലക്ഷം രൂപവരെ പത്തനംതിട്ട ജില്ലയിലെ സഹകരണ പ്രസ്ഥാനം വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്.

(8) സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷൻ നടത്തിയ എൻട്രൻസ് പരീക്ഷ തടസ്സപ്പെടുത്തിയതു സംബന്ധിച്ച്

ശ്രീ. കെ. ബാബു : എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റിന്റെ നേതൃത്വത്തിൽ 150-ഓളം വിദ്യാർത്ഥികൾ പരീക്ഷാഹാളിലേയ്ക്ക് കയറി അക്രമം നടത്തിയതിന്റെ ഫലമായി 23.6.2007- ന് എറണാകുളം വൈറ്റില ടോക്ക് എച്ച്. എസ്-ൽ വച്ച് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ്

അസോസിയേഷൻ നടത്താനിരുന്ന എൻട്രസ് പരീക്ഷ തടസ്സപ്പെട്ടു. സ്വാശ്രയ കോളേജുകളിൽ സംവരണതത്വം പാലിച്ചുകൊണ്ടും സാമൂഹ്യ നീതി ഉറപ്പുവരുത്തിക്കൊണ്ടും പ്രവേശനം നടത്തുന്നതിലേയ്ക്കായി മാനേ ജ്മെന്റുകളുമായി ഗവണ്മെന്റ് ഒരു സമവായത്തിൽ എത്തണമെന്നുതന്നെ യാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം. അക്രമം കാണിച്ച് മാനേജ്മെന്റുകളെ നിലനിർത്താനാവില്ല. ഈ അക്രമത്തിനെതിരെ കർക്കശമായ നടപടി സ്വീക രിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 23.6.2007 -ന് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റു കൾ നടത്താനിരുന്ന എം.ബി.ബി.എസ്. പ്രവേശന പരീക്ഷ അനധികൃതമാ ണെന്ന് ആരോപിച്ചുകൊണ്ട് വിവിധ വിദ്യാർത്ഥി സംഘടനാപ്രവർത്തകർ പരീക്ഷാകേന്ദ്രമായ എറണാകുളം വൈറ്റില ടോക്ക് എച്ച് എസ്. ഓഡിറ്റോറി യത്തിൽ അതിക്രമിച്ചുകയറി ഏതാണ്ട് 25,000 രൂപയുടെ നാശനഷ്ടങ്ങൾ വരുത്തിയ സംഭവത്തോടനുബന്ധിച്ച് എറണാകുളം ടൗൺ സൗത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടർ വിവിധ വകുപ്പുകൾ പ്രകാരം പനങ്ങാട് പോലീസ് സ്റ്റേഷനിൽ ഒരു സുവോ മോട്ടോ കേസ് രജിസ്റ്റർ ചെയ്ത് 29 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിന് പോലീസ് സംരക്ഷണം വേണമെന്നുള്ള കേരള പ്രൈവറ്റ് കോളേജ് മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷന്റെ ആവശ്യം കേരള ഹൈക്കോടതി നിരസിച്ചിരുന്നു. ക്രമസമാധാന പ്രശ്നമുണ്ടായാൽ പോലീസ് ഇടപെടണ മെന്ന് ഉത്തരവ് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് അവിടെ നടപടികൾ സ്വീകരിച്ചത്. ടോക്ക് എച്ച് എസ്.-ന്റെ വടക്കു

വശത്തായി ഉദ്ദേശം 50 മീറ്റർ മാറി തൃക്കാക്കര അസിസ്റ്റന്റ് പോലീസ് കമ്മിഷണറുടെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹത്തെ വിന്യസിച്ചിരുന്നെങ്കിലും സമരത്തിനെത്തിയവർ പ്രകടനമായി വരാതെ പരീക്ഷ എഴുതാൻ വന്ന കുട്ടികളോടൊപ്പവും രക്ഷിതാക്കളോടൊപ്പവും ഓഡിറ്റോറിയത്തിൽ കടക്കുകയാണ് ചെയ്തത്. തക്ക സമയത്തുള്ള പോലീസിന്റെ ഇടപെടലുകൾകൊണ്ട് കൂടുതൽ അനിഷ്ടസംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. പരീക്ഷ എഴുതാൻ വന്ന കുട്ടികൾക്കോ രക്ഷിതാക്കൾക്കോ പരിക്ക് പറ്റിയിട്ടില്ല. അവിടെ വന്നവർക്ക് സംരക്ഷണം കൊടുക്കാൻ പോലീസ് ക്രമീകരണം ഏർപ്പെടുത്തിയിരുന്നു.

(9) <u>പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾ</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ :</u> 23.6.2007-ലുണ്ടായ കൊടുങ്കാറ്റുമൂലം ചപ്പാരപ്പടവ് പഞ്ചായത്തിൽ വൃക്ഷങ്ങൾ കടപുഴകിവീഴുകയും വീടുകൾ പരിപൂർണ്ണമായും നശിക്കുകയും ചെയ്തു. ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന അവിടത്തെ സ്കൂൾ തകർന്നുപോയെങ്കിലും സ്കൂൾ അവധിയായിരുന്നതിനാൽ വൻ ദുരന്തം ഒഴിവായി. നാശനഷ്ടങ്ങൾക്ക് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ധനസഹായം തികച്ചും തുച്ഛമായതിനാൽ നിലവിലുള്ള ആനുകൂല്യങ്ങൾക്കുപുറമേ ഗ്രാമ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് എന്നിവയുമായി ചേർന്ന് ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കുകയും ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കാൻ കഴിയുന്ന രൂപത്തിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : തളിപ്പറമ്പിലെ മലയോര മേഖലയിൽ പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള

ചട്ടപ്രകാരം കൊടുക്കുന്ന നഷ്ടപരിഹാരം തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് ചട്ടങ്ങളിൽ മാറ്റം വരുത്തി നാശനഷ്ടങ്ങൾക്ക് സമാനമായി തൃപ്തികരമായ ധനസഹായം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി.സി. ജോർജ്: പൂഞ്ഞാർ നിയോജകമണ്ഡലത്തിലും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി മേഖലയിലും കഴിഞ്ഞ വെള്ളി, ശനി ദിവസങ്ങളിലുണ്ടായ വ്യാപകമായ മലവെള്ളപ്പാച്ചിലിലും ഉരുൾ പൊട്ടലിലും ഒരാൾ മരിച്ചതുൾപ്പെടെ ധാരാളം നാശനഷ്ടങ്ങളുണ്ടായി. രണ്ടാഴ്ച സൗജന്യ റേഷൻ പ്രഖ്യാപിച്ചുവെങ്കിലും പൂർണ്ണമായ തോതിൽ അത് നടപ്പാക്കാൻ ജില്ലാഭരണകൂടത്തിന് കഴിഞ്ഞിട്ടില്ല. മരണപ്പെട്ടവരുടെ ആശ്രിതർക്ക് 48 മണിക്കൂറിനകം നഷ്ടപരിഹാരത്തുക കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇന്നലെ കളക്ടറേറ്റിൽ ഗതാഗത വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന കോൺഫറൻസിനുശേഷമാണ് 50,000 രൂപ കൊടുത്തത്. ഗവണ്മെന്റിന്റെ പ്രഖ്യാപനങ്ങൾ ഉദ്യോഗസ്ഥർ പൂർണ്ണമായ തോതിൽ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾക്ക് പ്രഖ്യാപിക്കുന്ന തുക യഥാസമയം നൽകണം. നിലവിലുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം.

ശ്രീ. കെ.സി. കുഞ്ഞിരാമൻ : ഉരുൾപൊട്ടൽമൂലം നോർത്ത് വയനാടിൽ നാലുപേരും ഒഴുക്കിൽപ്പെട്ട് ഒരാളും മരണപ്പെട്ടു. കാലവർഷക്കെടുതിമൂലം വയനാട് ജില്ലയിൽ വ്യാപകമായ കൃഷിനാശവും കോടിക്കണക്കിന് രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. ഈ പ്രദേശത്ത് വീണ്ടും ഉരുൾപൊട്ടാൻ സാധ്യതയുണ്ടെന്നാണ് അറിയുന്നത്. രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന

നിരവൽപ്പുഴ പാലം ശാസ്ത്രീയമായി പണിയാൻ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലം കഷ്ടപ്പെടുന്നവരേയും മരിച്ചവരുടെ ആശ്രിതരേയും സഹായിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ശക്തമായ പേമാരിയിൽ ഇടുക്കിയിൽ നാല് സ്ഥലത്ത് ഉരുൾപൊട്ടലുണ്ടാവുകയും നിരവധി കുടുംബങ്ങളുടെ കൃഷിയിടങ്ങൾ പൂർണ്ണമായും നശിക്കുകയും ചെയ്തു. മലയിടിഞ്ഞ് വീണതുമൂലം പരിക്കുപറ്റി നിരവധിപ്പേർ ചികിൽസയിലാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്ന ഭവനരഹിതർക്ക് വീട് ലഭ്യമാകുന്നതുവരെ മറ്റ് എവിടെയെങ്കിലും താമസിക്കുന്നതിനുള്ള സൗകര്യം നൽകണം. പൂർണ്ണമായും തകർന്ന വീടുകൾക്ക് പകരം വീടുകൾ നിർമ്മിച്ചുനൽകാനും ഭാഗികമായി തകർന്നവ അറ്റകുറ്റപ്പണികൾ നടത്താനും ദുരന്തംമൂലം പരിക്കുപറ്റിയവർക്ക് വിദഗ്ദ്ധ ചികിൽസ നൽകാനും മൂലമറ്റത്തെ തൂക്കുപാലം പുനർ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ദുരന്തത്തിന് ഇരയായവർക്ക് ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ അടിയന്തിര സൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

<u>ശ്രീ. വി.എൻ. വാസവൻ</u>: കോട്ടയം ജില്ലയിലുണ്ടായ പ്രളയക്കെടുതിയിൽ നാലുപേർ മരണപ്പെടുകയും നിരവധി വീടുകളും പാടശേഖരങ്ങളും നശിച്ച് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാവുകയും ചെയ്തിട്ടുണ്ട്. മടവീഴ്ചമൂലം ഉടനെ പാടശേഖരങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. നാലഞ്ച് ഗ്രാമങ്ങളിലുള്ളവർക്ക് മറ്റുള്ള കേന്ദ്രങ്ങളുമായി ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. കോട്ടയം ജില്ലയിൽ ഹെൽത്ത്, പോലീസ്, ഫയർഫോഴ്സ്, കൃഷി എന്നീ

വകുപ്പുകളിലെ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് യഥാസമയം ഭക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ വിവിധ മേഖലകളിലെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഒരു പൊതു മാനദണ്ഡം സ്വീകരിക്കണം. ഇത്തരം നാശനഷ്ടം കണക്കാക്കി കൃഷി പുന:സ്ഥാപിക്കുന്നതിനും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി എത്രയുംപെട്ടെന്ന് നടത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ശ്രീമതി കെ.കെ. ലതിക: 23.6.2007-ലെ പ്രകൃതിക്ഷോഭംമൂലം കോഴിക്കോട് ജില്ലയിൽ വ്യാപകമായ നാശനഷ്ടവും മരണവുമുണ്ടായി ട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുന്നതിനും പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ യഥാസമയം ദുരിതബാധിതർക്ക് ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച പ്രശ്നങ്ങളിന്മേൽ ഗവൺമെന്റ് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് എന്തെങ്കിലും പോരായ്മകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതാണ്. റവന്യൂ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ട പരിഹാരം നൽകുന്ന കാര്യത്തിൽ നിലവിലുള്ള കേന്ദ്ര സർക്കാരിന്റെ നോംസ് മറികടന്ന് സംസ്ഥാന സർക്കാരിന് ഒന്നും ചെയ്യാനാവില്ല. കേന്ദ്ര

ഗവൺമെന്റ് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കാലാകാലങ്ങളിൽ തരുന്ന ഫണ്ടിൽനിന്നും ഇത്തരം സന്ദർഭങ്ങളിൽ ചെലവാക്കാനാണ് പറയുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി ചർച്ച ചെയ്യുകയും 150 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുമായും ഈ വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. അദ്ദേഹവും ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താമെന്ന് പറഞ്ഞിട്ടുണ്ട്. കേരള ഗവൺമെന്റ് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. പുഴയിൽവീണ് മരണപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഡൈവിംഗ് ടീമിനെ അയച്ചുതരാമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ചുഴലിക്കാറ്റിന്റെ ആക്രമണമുള്ള 13 സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണെന്നാണ് പറയുന്നത്. കാറ്റുമൂലം നിരവധി കെട്ടിടങ്ങളും കൃഷിയിടങ്ങളും നശിച്ചിട്ടുണ്ട്. കൃത്യമായ കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപ ധനസഹായമായി നൽകാനും ദുരന്തബാധിത ജില്ലകളിൽ ഫയർഫോഴ്സിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിക്കുന്നതാണ്. കാലവർഷക്കെടുതി യനുഭവിക്കുന്ന പ്രദേശങ്ങളിലെ ആളുകൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതാണ്. അതിനായി പ്രസ്തുത സ്ഥലത്തെ പഞ്ചായത്ത് പ്രദേശങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷനുകളിൽ മേയർമാർ എന്നിവർ

ചേർന്ന് ലിസ്റ്റ് തയ്യാറാക്കി തഹസിൽദാരെ ഏൽപ്പിക്കണം. കേന്ദ്രഗവണ്മെന്റിൽ നിന്നുള്ള പരമാവധി സഹായം നേടിയെടുത്ത് ദുരന്തബാധിതപ്രദേശങ്ങളിലെ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനായി ഭരണ-പ്രതിപക്ഷകക്ഷിഭേദമെന്യേ ഒന്നിച്ച് നിൽക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): സമയബന്ധിതമായി ഒരു സ്കീം തയ്യാറാക്കി കടലാക്രമണവും ഉരുൾപൊട്ടലുമുണ്ടായ സ്ഥലങ്ങളിൽ ക്യാമ്പുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇക്കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

**ക്രമപ്രശ്നം.**

സ്വന്തം നിയോജകമണ്ഡലത്തിലെ പൊതുപരിപാടിയിൽ നിന്ന്
എം.എൽ.എ.-യെ ഒഴിവാക്കിയത് സംബന്ധിച്ച്..

ശ്രീ. കെ.സി. വേണുഗോപാൽ: ആലപ്പുഴ നിയോജകമണ്ഡലത്തിൽ 5-6-2007-ന് ധനകാര്യ വകുപ്പുമന്ത്രിയും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും പങ്കെടുത്ത 'എന്റെ മരം പദ്ധതി' എന്ന പരിപാടിയിൽ സ്ഥലം എം.എൽ.എ.യെ ഉൾപ്പെടുത്തിയിരുന്നില്ല. സ്വന്തം നിയോജകമണ്ഡലങ്ങളിൽ നടക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.-മാരെ പങ്കെടുപ്പിക്കാത്തത് തെറ്റായ നടപടിയാണ്. എം.എൽ .എ-മാരുടെ അന്തസ്സ് പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: കേരള സർക്കാർ ഒരു പരിപാടി നടത്തുന്ന അവസരത്തിൽ സ്ഥലം എം.എൽ.എ. അദ്ധ്യക്ഷം വഹിക്കണമെന്നുള്ളത്

അംഗങ്ങൾക്ക് നല്കിയിട്ടുള്ള ഹാൻഡ്ബുക്കിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഇതിനെതിരെ നടക്കുന്ന സംഭവങ്ങളിന്മേൽ ചെയർ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ജൂൺ 5-ാം തീയതി നടന്ന 'എന്റെ മരം പദ്ധതി' എന്ന പരിപാടിയിൽ സ്ഥലം എം.എൽ .എ.-യെ ക്ഷണിക്കാത്തത് ഗവണ്മെന്റ് നിസ്സാരമായി കാണുന്നില്ല. ഈ പദ്ധതിയുടെ ചുമതലക്കാരനായിരുന്ന എ.സി.എഫ്-നെ സ്ഥലം മാറ്റിയിട്ടുണ്ട്. എം.എൽ.എ.-മാർക്ക് അർഹിക്കുന്ന മാന്യതയും അവകാശവും കൊടുക്കണമെന്നു തന്നെയാണ് ഗവണ്മെന്റിന്റെ കാഴ്ചപ്പാട്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഗവണ്മെന്റ് പരിപാടികളിൽ സ്ഥലം എം.എൽ.എ.-മാരെ ക്ഷണിക്കാത്തത് പ്രത്യക്ഷത്തിൽ ഒരു വീഴ്ച തന്നെയാണ്. സർക്കാരിന്റെ പരിപാടിയിൽ മന്ത്രിമാർ കഴിഞ്ഞാൽ സ്ഥലം എം.എൽ.എ.-മാർക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ സഭയിൽ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ഗവണ്മെന്റ് പരിപാടികൾ നടത്തുന്ന സന്ദർഭത്തിൽ എം.എൽ.എ-മാർക്ക് അർഹമായ പരിഗണന നൽകിയിട്ടുണ്ടോ എന്ന കാര്യം മന്ത്രിമാർ ഉറപ്പുവരുത്തണം. ഈ വിഷയം മന്ത്രിസഭയിൽ ചർച്ച ചെയ്ത് നടപ്പാക്കാനാവശ്യമായ നടപടി പാർലമെന്ററികാര്യവകുപ്പുമന്ത്രി സ്വീകരിക്കണം. ഇത്തരം കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാനുള്ള അവസരം ഇനി ഉണ്ടാകരുത്.

**ധനകാര്യം**.

<u>2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും
വിൽപ്പനനികുതിയും.
(62,63,99,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ)</u>: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - VI - ഭൂനികുതി
(134,15,34,000 രൂപ)

ധനാഭ്യർത്ഥന നമ്പർ - XI – ജില്ലാഭരണവും പലവകയും
(169,98,69,000 രൂപ)

ധനാഭ്യർത്ഥന നമ്പർ -XXVI – പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്
(132,33,24,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥയേയും ഭൂനികുതി എന്ന VI- ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാ ഭരണവും

പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ. ശിവദാസൻ നായർ, കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എ. വാഹീദ്, കെ.സി. വേണുഗോപാൽ, തേറമ്പിൽ രാമകൃഷ്ണൻ, ടി.എൻ. പ്രതാപൻ, എൻ. ശക്തൻ, ജോസഫ് എം. പുതുശ്ശേരി, കെ.സി. ജോസഫ്, സി.പി. മുഹമ്മദ്, ആര്യാടൻ മുഹമ്മദ്, പി.സി. വിഷ്ണുനാഥ്, എ.പി. അനിൽകുമാർ, തോമസ് ഉണ്ണിയാടൻ, കെ.കെ. ഷാജു, അബ്ദുറഹിമാൻ രണ്ടത്താണി, പി.കെ. അബ്ദുറബ്ബ്, കെ. മുഹമ്മദുണ്ണി ഹാജി, സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു..

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സുനാമി മേഖലയിലെ ദുരിതാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. സുനാമി പുനരധിവാസത്തിനുവേണ്ടി കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അനുവദിച്ച 1441 കോടി രൂപയിൽ 16 കോടി രൂപമാത്രം വാങ്ങുകയും 34 കോടി രൂപയുടെ പദ്ധതികൾ മാത്രം ഇതിനകം സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2009 മേയ് മാസത്തിനകം ഈ പദ്ധതിയുടെ മുഴുവൻ തുകയും ചെലവാക്കിയില്ലെങ്കിൽ അത് ലാപ്സാകും. സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതും മൂന്നാറിലെ ഒഴിപ്പിക്കൽ നടപടിയുമാണ് ഈ ഗവൺമെന്റിന്റെ ഒരു വർഷത്തെ നേട്ടങ്ങളായി പറയുന്നത്. മൂന്നാറിൽ പാർട്ടി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമെന്നായപ്പോൾ അതിനെതിരെ ഗവൺമെന്റ് നിയന്ത്രണം കൊണ്ടുവന്നു. ലാൻഡ്

അസൈൻമെന്റ് ആക്ടിലെ 24-ാം വകുപ്പുപ്രകാരം ഗവൺമെന്റിന് പബ്ലിക് പർപ്പസിനുവേണ്ടി വസ്തു പതിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടായിട്ടും മൂന്നാറിൽ സി.പി.ഐ., സി.പി.ഐ. (എം) കക്ഷികൾ വ്യാജ പട്ടയം സമ്പാദിക്കുകയും പട്ടയ വ്യവസ്ഥകൾ ലംഘിച്ച് അവിടെ റിസോർട്ടുകൾ പണിയുകയും നിയമ ലംഘനം നടത്തുകയും ചെയ്തിരിക്കുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാവപ്പെട്ട ജനങ്ങൾക്കുള്ള ആശ്വാസ നടപടികളും വികസന പ്രവർത്തനങ്ങളും ജീവനക്കാരുടെ ആനുകൂല്യങ്ങളും വെട്ടിക്കുറച്ച് ധനകമ്മിയും റവന്യൂ കമ്മിയും കുറയ്ക്കുക എന്ന മുൻ ഗവൺമെന്റ് നയങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് സാധാരണക്കാർക്കുള്ള ക്ഷേമപദ്ധതികളും പൊതുവിതരണവും നല്ലരീതിയിൽ നടത്തിക്കൊണ്ട് റവന്യൂ കമ്മി കുറയ്ക്കാനും വരുമാനം വർദ്ധിപ്പിക്കാനുമാണ് ശ്രമിക്കുന്നത്. 2010 ആകുമ്പോൾ റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കി കുറയ്ക്കണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് ഓരോ വർഷവും റവന്യൂ വരുമാനത്തിൽ 20% വർദ്ധനവുണ്ടാകണം. ഈ വർഷം 23.17% വർദ്ധനവുണ്ടായിട്ടുണ്ട്. റവന്യൂ വകുപ്പിലെ 1650 ജീവനക്കാരേയും സർവ്വേ ഡിപ്പാർട്ടുമെന്റിലെ 650 ജീവനക്കാരേയും യു.ഡി.എഫ്. ഗവൺമെന്റ് വെട്ടിക്കുറച്ചുവെങ്കിലും സർവ്വേരംഗത്ത് ക്രിയാത്മകമായ ധാരാളം നടപടികൾ സ്വീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കുടിയേറ്റക്കാരും കയ്യേറ്റക്കാരുമുള്ള ഇടുക്കി ജില്ലയിൽ പട്ടയം നൽകുന്നതിൽ ക്രിയാത്മക നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. പീരുമേട്,

തൊടുപുഴ, ദേവികുളം, ഇടുക്കി എന്നീ താലൂക്കുകളിൽ പട്ടയമേള നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് ദേവികുളം താലൂക്കിലെ പട്ടയം കൊടുക്കാവുന്ന സ്ഥലങ്ങളുടെ വിശദവിവരങ്ങൾ തയ്യാറാക്കുകയും 26.8.1998-ൽ കൂടിയ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി അത് ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 503 പട്ടയങ്ങൾ അവിടെ കൊടുത്തിട്ടുണ്ട്. ദേവികുളം താലൂക്കിലെ അന്നത്തെ വർക്ക്ലോഡ് പരിഗണിച്ചുകൊണ്ടാണ് ആ ജോലി പൂർത്തീകരിക്കുന്നതിനായി ഡെപ്യൂട്ടി തഹസീൽദാരായ രവീന്ദ്രനെ ചുമതലപ്പെടുത്തിയത്. അങ്ങനെ പട്ടയം കൊടുത്തത് 1971-ൽ നിലവിൽ വന്ന കെ.ഡി.എച്ച്. ആക്ട് ബാധകമാകുന്ന സ്ഥലത്തല്ല. അതിൽ 20 ഏക്കർ ഭൂമി മൂന്നാറിലും ബാക്കി ഇടുക്കി ജില്ലയിലെ 9 വില്ലേജുകളിലുമായാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ ഏതാനും ഉദ്യോഗസ്ഥരും വനം കൊള്ളക്കാരും കയ്യേറ്റക്കാരും ചേർന്ന് തയ്യാറാക്കിയതാണ് വൃന്ദാവൻ പട്ടയം. അതിന്റെ പേരിൽ ഏതാനും ജീവനക്കാരെ സസ്പെൻഡ് ചെയ്തെങ്കിലും 2003-ലെ യു.ഡി.എഫ്. ഗവൺമെന്റ് ആ പട്ടയം മുഴുവൻ റഗുലറൈസ് ചെയ്തുകൊടുത്തു. അങ്ങനെ കൊടുത്ത 2600 പട്ടയങ്ങളിലാണ് ഇപ്പോൾ വൻതോതിൽ കയ്യേറ്റം നടന്നിരിക്കുന്നത്. അനധികൃതമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനും നിയമവിരുദ്ധമായിട്ടുള്ള എല്ലാ പട്ടയങ്ങളും റദ്ദു ചെയ്യുവാനും കയ്യേറ്റക്കാരെ ശിക്ഷിക്കാനും അവരുടെ വസ്തുവകകൾ പിടിച്ചെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. 1964-ൽ കൃഷി ചെയ്യുന്നതിനുവേണ്ടി പതിച്ചുകൊടുത്ത

പട്ടയഭൂമിയിൽ കൃഷി നശിച്ചതിനെത്തുടർന്ന് കൃഷിക്കാർ പണിതിട്ടുള്ള ചെറിയ ലോഡ്ജുകളും മറ്റ് സംവിധാനങ്ങളും നോട്ടീസ് കൊടുത്ത് ഒഴിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത് തെറ്റായ നടപടിയാണ്; അതിൽ നിന്നും പിൻമാറണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം ഒട്ടനവധി ആളുകൾ മരണമടയുകയും ഭവനരഹിതരാകുകയും അനേകം ഏക്കർ കൃഷിയിടങ്ങൾ നശിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിമുലം ദുരിതമനുഭവിക്കുന്നവർക്ക് രണ്ട് മാസത്തിൽ കുറയാതെ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കാലവർഷക്കെടുതി ഉണ്ടാകുമ്പോൾ കൊടുക്കുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. മുതിർന്നവരെന്നോ കുട്ടികളെന്നോ വിവേചനമില്ലാതെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയിൽ കുറയാത്ത തുക ആശ്വാസസഹായമായി അനുവദിക്കണം. ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ അത് മുൻകൂട്ടി അറിയാനുള്ള പഠനം നടത്തി അത്തരം ദുരന്തങ്ങൾ തടയാനാവശ്യമായ നടപടി സ്വീകരിക്കണം. കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കുകയും കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുകയും ചെയ്യണം. പരിക്കുപറ്റിയവർക്ക് ചികിത്സാ സഹായം അനുവദിക്കണം. സൂനാമി ദുരിതാശ്വാസ പദ്ധതിക്ക് അന്തിമരൂപം നൽകുമ്പോൾ ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കണം .കാലവർഷക്കെടുതിയിൽ നശിച്ചുപോയ പി.ഡബ്ള്യൂ.ഡി. റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യണം. മരണക്കുഴികളായി മാറിയ കല്ലുവെട്ടു കുഴികൾ നികത്തണം.

ചുറ്റുമതിലില്ലാത്ത കിണറുകളെ ചുറ്റുമതിൽകെട്ടി സംരക്ഷിക്കണം. 16 പുതിയ താലൂക്കുകൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കണം. ലാന്റ് അസൈൻമെന്റിനെ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് രസീതു നൽകുകയും അതിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുകയും വേണം. 1994-ൽ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിനുശേഷം പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയായി മാറിയ. റവന്യൂ പുറമ്പോക്കു ഭൂമിയുടെ കാര്യത്തിൽ നിയമ ഭേദഗതി വരുത്തി അവിടെ വർഷങ്ങളായി താമസിക്കുന്നവർക്ക് കൈവശരേഖ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. വിവേചനരഹിതമായ ഒഴിപ്പിക്കൽ നടപ്പാക്കണം. എന്നാൽ ചില സ്ഥലങ്ങളിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ പക്ഷപാതപരമായ നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. ഗവൺമെന്റ് അത് അന്വേഷിക്കണം. റീ-സർവ്വേ നടപടികൾ എത്രയും പെട്ടെന്നു പൂർത്തിയാക്കണം. രവീന്ദ്രൻ പട്ടയങ്ങൾ പുനഃപരിശോധിക്കണം. നികുതി കുടിശ്ശിക യഥാസമയം പിരിച്ചെടുക്കണം. രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന കയ്യേറ്റങ്ങൾ നിഷ്പക്ഷമായി തടയണം. സംസ്ഥാനത്തെ വിവിധ ക്ഷേമപദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ചെക്കുപോസ്റ്റുകളിലെ സംവിധാനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിന്മേൽ അടിയന്തിരമായി തീർപ്പുണ്ടാക്കണം. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാസർകോട് ഡെപ്യൂട്ടി

കമ്മിഷണർ ഓഫീസ് കണ്ണൂരിലേയ്ക്കു മാറ്റാനുള്ള തീരുമാനം പുനഃപരിശോധിക്കണം. ചെറുകിട വ്യാപാര മേഖലയിലുള്ള വിദേശ കുത്തകകളുടെ കടന്നുകയറ്റം അവസാനിപ്പിക്കാനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തണം. ലോട്ടറി വില്പനയിലുണ്ടാകുന്ന നികുതിചോർച്ച തടയണം.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനഭരണ സംവിധാനത്തിൽ 150-ൽപ്പരം വരുന്ന സേവനരംഗങ്ങളെ മെച്ചപ്പെടുത്താൻ റവന്യൂ വകുപ്പ് വളരെ സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കർഷക കടാശ്വാസ കമ്മിഷൻ രൂപീകരിച്ചു, താലൂക്ക് വികസന സമിതി രൂപീകരിച്ചു, സുനാമി ദുരിതാശ്വാസപദ്ധതിക്കു രൂപം നൽകി, കേരളത്തിൽ ആദ്യമായി ഒരു ലാന്റ് ബാങ്ക് രൂപീകരിച്ചു, വരൾച്ചയും വെള്ളപ്പൊക്കവും മൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കർശനമായ നടപടികൾ സ്വീകരിച്ചു. ഇവയെല്ലാം ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ നേട്ടങ്ങളാണ്. റവന്യൂ വകുപ്പിൽ ഏതാണ്ട് 1600 തസ്തികകൾ കഴിഞ്ഞ ഗവൺമെന്റ് വെട്ടിക്കുറച്ചിരുന്നു. എന്നിട്ടുപോലും ഈ വകുപ്പിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനം വൻനേട്ടമായിരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണത്തിനിടയിൽ എല്ലാ കയ്യേറ്റങ്ങളേയും അംഗീകരിച്ചു കൊടുത്ത യു.ഡി.എഫ്., ഇപ്പോൾ പ്രതിപക്ഷത്തിരുന്ന് ഗവൺമെന്റിനെ വിമർശിക്കുന്നത് ശരിയല്ല. മൂന്നാറിലെ കയ്യേറ്റം ഒഴപ്പിക്കാൻ ആദ്യമായി പ്രക്ഷോഭം സംഘടിപ്പിച്ചതും ഗവൺമെന്റിന്റെ മുന്നിൽ ആ വിഷയം ആദ്യമായി കൊണ്ടുവന്നതും

സി.പി.ഐ. ആണ്. കയ്യേറ്റക്കാരെ ശക്തമായി നേരിടാനുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണം. ഈ വകുപ്പിലെ ഉദ്യോഗസ്ഥരെ മറ്റ് വകുപ്പുകളുലേയ്ക്ക് വിന്യസിക്കണം. അന്യ സംസ്ഥാന ലോട്ടറിക്കാർ കേരളത്തിൽ നിന്ന് പ്രതിദിനം ഇരുപത്തി രണ്ടരക്കോടിയോളം രൂപ തട്ടിക്കൊണ്ടുപോവുകയാണ്. കേസുകൾ വാദിക്കാൻ പ്രഗൽഭരായ വക്കീലൻമാരെ നിയമിക്കണം. ലിസിനുവേണ്ടി കേസ് നടത്തിയ വക്കീലിനെയാണ് അന്യ സംസ്ഥാന ലോട്ടറി കേസിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി നിയമിച്ചത്.

ശ്രീ. കെ.പി. മോഹനൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് വിനിയോഗിച്ച് യഥാസമയം നടപടികളുമായി മുന്നോട്ടുപോയിട്ടുണ്ടെന്ന സത്യം വിസ്മരിക്കാനാവില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിൽ നിന്ന് കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പെരിങ്ങളം നിയോജകമണ്ഡലത്തിൽ അറുന്നൂറോളം കർഷക കുടുംബങ്ങളെ കുടിയിറക്കുന്നതിനെതിരെ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതിൽ എല്ലാ ജില്ലകൾക്കും ബാധകമായ ഏകീകൃത മാനദണ്ഡം സ്വീകരിക്കണം. വില്ലേജ് ആഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ജനങ്ങൾക്ക് യഥാസമയം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കണം. വില്ലേജുകൾ വിഭജിക്കുന്നതിൽ പ്രായോഗിക നടപടികൾ സ്വീകരിക്കണം. നികുതിയിനത്തിൽ വരുമാനം

വർദ്ധിപ്പിക്കാനും ദേവസ്വം ബോർഡിലെ അഴിമതി നിയന്ത്രിക്കാനും ഈ സർക്കാരിന് സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. മലബാർ ദേവസ്വം ബിൽ നടപ്പാക്കണം.

ശ്രീ. പി.ജെ. ജോസഫ് : ധനാഭ്യർത്ഥനകളെ ചില വ്യവസ്ഥകൾക്ക് വിധേയമായി അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതോടൊപ്പം 1964-ലെ ലാന്റ് അസൈൻമെന്റ് റൂൾസ് ഭേദഗതി ചെയ്യാനും നടപടി സ്വീകരിക്കണം. 1964 മുതൽ പിന്തുടർന്നുവരുന്ന ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൃഷിക്കോ ഹൗസ് സൈറ്റിനോ അല്ലാതെ കൊടുത്തിട്ടുള്ള മുഴുവൻ പട്ടയങ്ങളും റദ്ദാക്കണം. ജില്ലാ ഭരണകൂടത്തിന് പറ്റിയ തെറ്റുകൾ തിരുത്തുന്നതിന് നടപടി സ്വീകരിക്കണം. ടാറ്റായുടെ കൈവശമുള്ള 5,000 ഏക്കർ അനധികൃതഭൂമി തിരിച്ചുപിടിക്കണം. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്. ജില്ലാ കളക്ടർമാർ ശ്രമിക്കണം. ഡിസാസ്റ്റർ മാനേജ്മെന്റിന് കിട്ടേണ്ട കേന്ദ്ര സഹായം നേടിയെടുക്കാൻ നടപടി സ്വീകരിക്കണം. അടിയന്തിരമായി ജില്ലാ കളക്ടർമാരെ വിളിച്ചുചേർത്ത് ജില്ലാ ഭരണകൂടത്തിന്റെ ചുമതല എന്താണെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കണം. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം. റോഡുകൾ നിർമ്മിക്കുന്നതിലും സ്മാർട്ട്സിറ്റി മുതലായ പദ്ധതികൾ ആരംഭിക്കുന്നതിലും കാണിക്കുന്ന ശുഷ്ക്കാന്തി ശ്ലാഘനീയമാണ്. കേരളത്തിൽ ഇപ്പോൾ നിക്ഷേപകർക്ക് അനുകൂല സാഹചര്യമാണുള്ളതെങ്കിലും മൂന്നാറിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുമ്പോൾ ടൂറിസം വികസനത്തെ ബാധിക്കാതിരിക്കാൻ

പ്രത്യേകം ശ്രദ്ധിക്കണം. കയ്യേറ്റക്കാരെ ഒഴിപ്പിക്കുമ്പോൾ മൂന്ന് സെന്റും അഞ്ച് സെന്റും മാത്രമുള്ളവരെ ഒഴിവാക്കേണ്ടതില്ല. പുറമ്പോക്കുകൾ കയ്യേറി വീട് നിർമ്മിച്ചിരിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം. സർക്കാരിന്റെ ക്രിയാത്മക സമീപനത്തിലൂടെ ജനങ്ങൾക്ക് സുരക്ഷിതത്വബോധമുണ്ടാക്കണം.

<u>ശ്രീ. പി.ടി.എ. റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2010-2011 സാമ്പത്തിക വർഷമാകുമ്പോഴേയ്ക്കും റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെ ആക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ജീവനക്കാരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്ത് സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്തിയിരുന്നു. ഈ ഗവൺമെന്റ് മെച്ചപ്പെട്ട ധനകാര്യ മാനേ ജ്മെന്റിലൂടെ ധനകാര്യ വകുപ്പിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റിന് നികുതി പിരിവ് വ്യവസ്ഥാപിതമാക്കുവാനും നികുതിദായ കരെ വിശ്വാസത്തിലെടുത്തുകൊണ്ട് പ്രശ്നങ്ങൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വ്യാപാരി വ്യവസായികളും കച്ചവട ക്കാരും ഗവൺമെന്റ് നിലപാടിനെ സന്തോഷത്തോടെ കാണുകയും പ്രശംസിക്കുകയും ചെയ്യുന്നുണ്ട്. ടാക്സ് ഇനത്തിൽ പിരിക്കുന്ന തുക കൃത്യമായി ഖജനാവിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പുവരുത്തണം. അദാല ത്തുകൾ ഏർപ്പെടുത്തി നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കി. 1-4-2007-ൽ പി.ഡബ്ലിയു.ഡി. റേറ്റ് പരിഷ്ക്കരിച്ചതുകൂടി കണക്കിലെടുത്തു കൊണ്ട് കരാറുകാർക്ക് ആവശ്യമായ വിട്ടുവീഴ്ചകൾ ചെയ്തുകൊടുക്കണം. എം.പി./എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന വർക്കുകൾക്കാവശ്യമായ

തുകയെ വാറ്റ് നികുതിയിൽ നിന്ന് ഒഴിവാക്കണം. പ്രകൃതിക്ഷോഭത്തിനിര യാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദ ണ്ഡങ്ങൾ പരിഷ്ക്കരിക്കണം. വസ്തുക്കളുടെ പോക്കുവരവ് യഥാസമയം ചെയ്തുകിട്ടാൻ നടപടിയുണ്ടാകണം. കുത്തക കച്ചവടക്കാർക്ക് കൂടുതൽ നികുതി ചുമത്തി ചെറുകിട കച്ചവടക്കാരുടെ നികുതി ലഘൂകരിച്ചുകൊടു ക്കണം.

<u>ശ്രീമതി കെ.കെ. ലതിക</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനകാര്യ വകുപ്പിൽ നടപ്പിലാക്കിയ നൂതന പരിഷ്ക്കാരങ്ങൾക്ക് ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. ഫലപ്രദമായ ധനകാര്യ മാനേജ്മെന്റിലൂടെയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. റവന്യൂ വകുപ്പിൽ കാർഷിക കടാശ്വാസം, മിച്ചഭൂമി വിതരണം തുടങ്ങി അനേകം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസർമാർ അനധികൃതമായി നികുതി ഒഴിവാക്കിക്കൊടുക്കുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കണം. മൂന്നാറിലേതുപോലെ സംസ്ഥാനത്തെ മുഴുവൻ ഭൂമിക്കും ഉപഗ്രഹ സർവ്വേ സമയബന്ധിതമായി നടത്തി സർവ്വേ നടപടികൾ പൂർത്തിയാക്കണം. വ്യക്തികളുടെ കൈവശമുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി രേഖപ്പെടുത്തണം. ഓരോ വർഷത്തേയും ഭൂ നികുതി അതാത് വർഷം തന്നെ പിരിച്ചെടുക്കണം. റവന്യൂ കാർഡ് സമ്പ്രദായം നടപ്പിലാക്ക ണം. റവന്യൂ വകുപ്പിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം. ഭൂമി ഏറ്റെടുക്കുമ്പോൾ വില നിശ്ചയിക്കാനുള്ള മാനദണ്ഡം പ്രകൃതിദുരന്ത നഷ്ടം കണക്കാക്കുന്നതിലും സ്വീകരിക്കണം. സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അഴിമതിരഹിതമായിട്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സിവിൽ സർവ്വീസിനെ ജനങ്ങൾക്ക് അനുകൂലമായി മാറ്റാൻ കഴിയണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൂന്നാറിൽ നിന്ന് പ്രതിവർഷം ലക്ഷ്വറി ടാക്സ് ഇനത്തിൽ 500 കോടി രൂപ കിട്ടിയ സ്ഥാനത്ത് അടുത്ത വർഷം ഈ തുക എത്രയായിരിക്കുമെന്നത് വിലയിരുത്തേണ്ടതാണ്. ഓരോ ജില്ലയിലും ഓരോ നഴ്സിംഗ് കോളേജ് തുടങ്ങുമെന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വപ്നം മാത്രമായി അവശേഷിക്കും. കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന വെള്ളപ്പൊക്ക ദുരിതത്തിന് ഒരു സ്ഥിരപരിഹാരം ഉണ്ടാക്കണം. അടിത്തറ പൊക്കിക്കെട്ടിയ വീടുകൾ വച്ചുകൊടുക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി., പി.ഡബ്ളിയു.ഡി. തുടങ്ങി വിവിധ മേഖലകളിൽ കോടിക്കണക്കിനു രൂപയുടെ താങ്ങാനാവാത്ത കടബാധ്യതയുണ്ടാക്കി വച്ചിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് ഭരണമൊഴിഞ്ഞത്. ശമ്പള പരിഷ്ക്കരണമുൾപ്പെടെയുള്ള എല്ലാ ബാധ്യതകളെയും എൽ.ഡി.എഫ്. സർക്കാർ ഒരു വെല്ലുവിളിയായി സ്വീകരിച്ച് തരണം ചെയ്യുകയാണുണ്ടായത്. കഴിഞ്ഞ ഒരു വർഷം നികുതിയിനത്തിൽ 23.17 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായത്. ഭാഗ്യക്കുറി രംഗത്ത് 236.15 കോടി രൂപയുടെ ലാഭമുണ്ടായി. ഏജൻസി ഫീസും പുതുക്കലിനുള്ള ഫീസും 50 ശതമാനം കുറച്ചു. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർത്തു. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും ആശ്രിതർക്ക് 50,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തു. കാർഷിക കടങ്ങൾക്ക് ഒരു കൊല്ലത്തേയ്ക്ക് മൊറട്ടോറിയം

പ്രഖ്യാപിക്കുകയും ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനങ്ങൾക്കായി തുക മാറ്റിവയ്ക്കുകയും ചെയ്തു. കാലവർഷക്കെടുതിയനുഭവിക്കുന്നവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്യാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള 765 കോടി രൂപയുടെ കാർഷിക പാക്കേജ് നേടിയെടുക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചത് സ്തുത്യർഹമായ കാര്യമാണ്. ഖാദി യൂണിറ്റുകൾക്ക് പൂർവ്വകാല പ്രാബല്യത്തോടെ നികുതി ഇളവ് പ്രഖ്യാപിച്ചു. കെട്ടിക്കിടന്നിരുന്ന ഖാദി/കൈത്തറിയുൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വമ്പിച്ച കുതിച്ചു ചാട്ടമാണ് ഈ ഗവൺമെന്റ് നടത്തിയിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ എണ്ണം 12-ൽ നിന്നും 22 ആയി ഉയർന്നു. ടൂറിസം, വിദ്യുച്ഛക്തി മേഖലകളിൽ ഈ സർക്കാർ മുന്നേറിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ചോദ്യപ്പേപ്പർ ചോർച്ച നിത്യസംഭവമായിരുന്നു. മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കക്ഷി രാഷ്ട്രീയത്തിനതീതമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. പി.എം.എ. സലാം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക രംഗം മെച്ചപ്പെടുത്തി കേരളത്തിലെ ജനങ്ങൾക്ക് നിരവധി നേട്ടങ്ങൾ ഉണ്ടാക്കാനും. ചെക്ക്പോസ്റ്റുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാനും ഈ ഗവണ്മെന്റിന് സാധിച്ചു. പഴുതുകളടച്ച് ചെക്ക്പോസ്റ്റുകളിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കണം. ചെക്ക്പോസ്റ്റുകളിൽ ആവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുകയും

സ്ക്കാനർ പോലുള്ള ആധുനിക സജ്ജീകരണങ്ങൾ ലഭ്യമാക്കുകയും വേണം. സാധാരണക്കാരുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെതന്നെ നികുതിയിനത്തിൽ വരുമാന വർദ്ധന കൈവരിക്കാൻ കഴിഞ്ഞു. വെളിച്ചെണ്ണ, നാളികേരം തുടങ്ങിയവയ്ക്ക് പൂർണ്ണമായും നികുതിയിളവ് നൽകിയത് നാളികേര കർഷകർക്ക് സഹായകരമാണ്. പ്രകൃതിക്ഷോഭത്തിനിരയായവർക്ക് യഥാസമയം നഷ്ടപരിഹാരം ലഭ്യമാക്കുകയും പരമാവധി നാശനഷ്ടങ്ങളൊഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. അടിയന്തിര ഘട്ടങ്ങളിൽ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാതലത്തിൽ അഡ്വാൻസ് ഫണ്ട് അനുവദിക്കണം. കാലവർഷക്കെടുതിയനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. അനധികൃത ഭൂമി കയ്യേറ്റത്തിനെതിരെയുള്ള നടപടികളെ കേരളജനതയൊട്ടാകെ സ്വാഗതം ചെയ്യുകയാണ്. വർഷങ്ങളായി കല്ലായിപ്പുഴയോരത്ത് മരവ്യവസായം നടത്തുന്നവരെ ഒഴിപ്പിക്കൽ നടപടികളിൽ നിന്ന് ഒഴിവാക്കണം.

<u>ശ്രീ. വി.ഡി. സതീശൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാലവർഷക്കെടുതിയിലും കടൽക്ഷോഭത്തിലുംപെട്ട് മരിച്ചവരുടെ ആശ്രിതർക്കും ദുരിതമനുഭവിക്കുന്നവർക്കും യഥാസമയം സഹായമോ ആശ്വാസമോ നൽകുന്നതിൽ എൽ.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. 12-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി കടൽഭിത്തി നിർമ്മിക്കുന്നതിന് ലഭിച്ച 175 കോടി രൂപയും സുനാമി ഫണ്ടായി ലഭിച്ച 120 കോടി രൂപയും ഫലപ്രദമായി

വിനിയോഗിക്കാൻ സർക്കാരിന് സാധിച്ചില്ല. ചീഫ് സെക്രട്ടറി കൺവീനറായ എമ്പവേർഡ് കമ്മിറ്റി കൊടുത്ത പ്രവർത്തികൾക്കുപോലും സുനാമി ഫണ്ടിലുൾപ്പെടുത്തി എ.എസ്. കൊടുക്കാൻ സർക്കാരിന് സാധിച്ചില്ലെന്നത് ഖേദകരമാണ്. തീരദേശ വാസികളെ ദുരിതത്തിൽനിന്ന് കരകയറ്റുന്നതിന് ഈ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണവും വസ്ത്രവും എത്തിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് പരാജയപ്പെട്ടിരിക്കുന്നു. പകർച്ചപ്പനി, പ്രകൃതിക്ഷോഭം എന്നിവയ്ക്ക് ഇരയായവർക്ക് സൗജന്യ റേഷൻ കൊടുക്കുമെന്ന് പ്രഖ്യാപി ച്ചുവെങ്കിലും അത് ഇനിയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. തീരപ്രദേശങ്ങളിൽ പട്ടിണി കിടക്കുന്നവരുൾപ്പെടെയുള്ളവർക്ക് സൗജന്യറേഷൻ കൊടുക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം. തീരപ്രദേശത്തെ തകർന്ന റോഡുകൾ നന്നാക്കുന്നതിന് കഴിയുന്നില്ല. പല സ്ഥലത്തും അഞ്ചാറു ദിവസങ്ങൾ കഴി ഞ്ഞാണ് വൈദ്യുതി വിതരണം പുന:സ്ഥാപിച്ചത്. പണം നൽകാത്തതിന്റെ പേരിൽ ഫ്ളഡ് വർക്കുകൾ ചെയ്യാൻ കരാറുകാർ മുന്നോട്ടു വരുന്നില്ല. ഈ ഇനത്തിൽ എറണാകുളം ജില്ലയിൽ 10 കോടിയോളം രൂപ കുടിശിക വന്നിരിക്കുന്നു. ഫ്ളഡ് വർക്കുകൾക്ക് കേന്ദ്രസഹായം കിട്ടുമെങ്കിലും നാഷണൽ കലാമിറ്റി റൂൾസിന്റെ പരിമിതിയിൽ നിന്നുകൊണ്ടുള്ള പാക്കേജ് അവതരിപ്പിച്ചാലേ അത് ലഭിക്കുകയുള്ളൂ. ഇക്കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം. നെടുമ്പാശ്ശേരി എയർപോർട്ടിന്റെ ഗേറ്റിനടുത്തുള്ള 150 കോടിയോളം രൂപ വിലവരുന്ന സ്ഥലം വെറും അഞ്ചുകോടി രൂപയ്ക്ക് അന്യ സംസ്ഥാന ലോട്ടറി രാജാവിന് കൈമാറാനുള്ള നീക്കം തടയണം. വിളപ്പിൽ വില്ലേജിൽ ഇ.എം.എസ്. അക്കാഡമിയുടെ പേരിൽ 6 ഏക്കർ ഭൂമി

യാണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ ഏതാണ്ട് 14 ഏക്കറോളം ഭൂമി ആ സ്ഥാപനത്തിന്റെ പേരിലുണ്ട്. 6 ഏക്കർ ഭൂമിക്ക് നിലവിലുണ്ടായിരുന്ന പോക്കുവരവ് ആർ.ഡി.ഒ.ക്യാൻസൽ ചെയ്ത് ഇപ്പോൾ 14 ഏക്കർ ഭൂമിക്കും പുതിയ പോക്കുവരവ് ചെയ്ത് അക്കാഡമിയുടെ പേരിലാക്കിക്കൊടുത്തിരിക്കുകയാണ്. വാറ്റ് ഘടന പരിഷ്ക്കരിക്കുന്നതിനും ലഘൂകരിക്കുന്നതിനും ഫലപ്രദമായ നിർദ്ദേശങ്ങൾ ഇംപ്ളിമെന്റ് ചെയ്യണം. വാറ്റിന്റെ ഘടന തകർക്കാതെതന്നെ കൂടുതൽ ലഘൂകരിച്ചുകൊണ്ട് സൗകര്യപ്രദമായ രീതിയിൽ നികുതി നിർദ്ദേശങ്ങൾ നടപ്പാക്കി വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തണം.

<u>ശ്രീ. പി. കൃഷ്ണ പ്രസാദ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള നല്ല ശ്രമമാണ് ഗവണ്മെന്റ് നടത്തിയത്. 2010-2011-ൽ റവന്യൂ കമ്മി ഒരു ശതമാനമാക്കി താഴ്ത്തുക എന്ന ലക്ഷ്യമാണ് ഗവണ്മെന്റിനുള്ളത്. വരുമാനം വർദ്ധിപ്പിച്ച് കമ്മി നിയന്ത്രിക്കാനാണ് ശ്രമിക്കേണ്ടത്. സാമൂഹ്യ ക്ഷേമപദ്ധതികൾക്ക് പണം ലഭ്യമാക്കാൻ തടസ്സമുണ്ടായിട്ടില്ല. 21 മാസത്തെ ക്ഷേമ പെൻഷൻ കുടിശിക നൽകാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ട്. താഴ്ന്ന വിഭാഗത്തിലെ 6 സ്കെയിലുകളിലുള്ള ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടുകൂടി ശമ്പള വർദ്ധനവ് നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കടാശ്വാസ കമ്മിഷന് 100 കോടി രൂപ കൊടുക്കുന്നതിനും നെല്ല് ക്വിന്റലിന് 850 രൂപ വില നിശ്ചയിക്കുന്നതിനും കഴിഞ്ഞു. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ കാര്യക്ഷമതയോടുകൂടിയാണ് പ്രവർത്തിക്കുന്നത് പി.ഡബ്ള്യൂ.ഡി.യുമായി ബന്ധപ്പെട്ട് അഴി

മതികൾ ഒഴിവാക്കിക്കൊണ്ട് പ്രവർത്തിക്കാൻ ഈ ഗവണ്മെന്റ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക അരാജകത്വത്തിന് കാരണമായ സാഹചര്യം ഒഴിവാക്കാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഇടപെടലാണ് ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കാനും വ്യാപാരി വ്യവസായ മേഖലകളിൽ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനും ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ട്. നികുതി വെട്ടിപ്പുകാരെ നിർദ്ദാക്ഷിണ്യം നേരിടുന്നതിന് ഗവണ്മെന്റിന് കഴിഞ്ഞു. പാർട്ടി താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാത്തവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്ന പാർട്ടിയാണ് സി.പി.എം.

<u>ശ്രീമതി ഇ. എസ്. ബിജി മോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൂന്നാറിലെ അനധികൃത കയ്യേറ്റം ആദ്യമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.പി.ഐ. ആണെന്ന സത്യം പ്രതിപക്ഷം വിസ്മരിക്കരുത്. വിവിധ പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച് റവന്യൂ-വനം വകപ്പു മന്ത്രിമാർക്ക് നിവേദനം നൽകുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുള്ളതാണ്. സി.പി.ഐ.ക്ക് അവകാശപ്പെട്ട പതിനൊന്നര സെന്റ് സ്ഥലത്ത് ചട്ടങ്ങളും നടപടി ക്രമങ്ങളും പാലിച്ചുതന്നെയാണ് മൂന്നാറിൽ ഓഫീസ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് രേഖകൾ വ്യക്തമാക്കുന്നു. റവന്യൂ വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ചത് കുറ്റമാണെന്ന ആരോപണം ബാലിശമാണ്. സി.പി.ഐ.ക്കാരെ അനധികൃത കയ്യേറ്റക്കാരായി ചിത്രീകരിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം വൃഥാവിലാണ്. അനധികൃത കെട്ടിട നിർമ്മാണത്തിന്റെ പേരിൽ സി.പി.ഐ. ഓഫീസുമായി ബന്ധപ്പെട്ട് സഭയിലുയർന്ന മുഴുവൻ ആരോപണങ്ങളും രേഖകളിൽനിന്നും നീക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരുവർഷത്തിനിടയിൽ പ്രതീക്ഷാ നിർഭരവും വികസനപ്രദവുമായ നടപടികളാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്ന കാര്യം നിഷേധിക്കാനാവില്ല. നികുതി വരുമാനത്തിൽ 23.17 ശതമാനം വർദ്ധനവുണ്ടാക്കാനും 21 മാസക്കാലത്തെ പെൻഷൻ കുടിശ്ശിക അനുവദിക്കാനും ഈ സർക്കാരിന് സാധിച്ചു. താഴെത്തട്ടിലെ ആറ് തസ്തികകളിലെ ശമ്പളം മുൻകാല പ്രാബല്യത്തിൽ പരിഷ്ക്കരിച്ചു. കഴിഞ്ഞവർഷം റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാനും വാറ്റ് നികുതി പ്രകാരം 4462 കോടി രൂപ പിരിക്കാനും സാധിച്ചു. ലോട്ടറി മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക്, ഐ.ടി. പാർക്ക് തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിനും ലിസ്സ്-നെതിരെ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിനും ഈ ഗവൺമെന്റ് ആർജ്ജവം കാണിച്ചു. കോവളം കൊട്ടാരവും അതോടനുബന്ധിച്ചുള്ള കയ്യേറ്റ ഭൂമിയും തിരിച്ചുപിടിച്ച നടപടി സ്വാഗതാർഹമാണ്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ 98 അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനും ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി തിരിച്ചെടുക്കാനും സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. ഇത്തരം നടപടികൾ തുടർന്നും ഉണ്ടാകണം. കഴിഞ്ഞ ഒരുവർഷത്തിനിടയിൽ കടാശ്വാസ നിയമം, ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് എന്നിവ നടപ്പാക്കാനും വിഴിഞ്ഞം തുറമുഖ പദ്ധതി, വല്ലാർപാടം പദ്ധതി, ദേശീയ ജലപാത തുടങ്ങി ജനോപകാരപ്രദമായ പദ്ധതികൾ കൊണ്ടുവരാനും

ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. വിലക്കയറ്റവും പകർച്ചവ്യാധിയും തടയുന്നതിന് യഥാസമയം അടിയന്തിര നടപടി സ്വീകരിച്ചുവെന്നത് സ്വാഗതാർഹമാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൈക്കൂലി വാങ്ങുന്നവർക്കും അഴിമതി നടത്തുന്നവർക്കുമെതിരെ നടപടി സ്വീകരിക്കുകയും ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ജില്ലാ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നെത്തിക്കുകയും തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുരധിവസിപ്പിക്കുകയും കരിമണൽ ഖനനം തടയുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യണം. സുനാമിയിൽ വീട് നഷ്ടപ്പെട്ട തീരപ്രദേശത്തുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം. കയ്യേറ്റങ്ങളുടെ കാര്യത്തിൽ രണ്ട് തരം സമീപനം സ്വീകരിക്കാൻ പാടില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്) : കഴിഞ്ഞ വർഷം 148 കോടി രൂപ കുടിശ്ശിക ഇനത്തിലും 98 കോടി രൂപ സ്വർണ്ണ വ്യാപാരികളിൽനിന്നും 60 കോടി രൂപ ലോട്ടറിയിൽനിന്നും 112 കോടി രൂപ ബാർ ഹോട്ടലുകളിൽനിന്നും 195 കോടി രൂപ വർക്സ് കോൺട്രാക്ട് ഇനത്തിലും നികുതി പിരിച്ചെടുത്തു. ചെക്ക് പോസ്റ്റുകളിലുള്ള എൻട്രി ടാക്സിൽ പത്ത് ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ബഡ്ജറ്റിൽ ലക്ഷ്യമിട്ടതിനേക്കാൾ 2250 കോടി രൂപയുടെ നികുതി കൂടുതൽ പിരിച്ചെടുത്തിട്ടുണ്ട്. 2700 കോടി രൂപ സ്മാൾ സേവിംഗ്സ് വഴി കിട്ടാനുണ്ട്.

പുതിയ പോസ്റ്റുകളൊന്നും ക്രിയേറ്റ് ചെയ്യാതെതന്നെ നികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തന ശൈലിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആഡിറ്റ് അസെസ്സ്മെന്റിന് അഡീഷണൽ ആളുകൾ വേണം. ഇതിനായി ജില്ലാ ആഫീസുകളിലുള്ളവരെ വിന്യസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കേരളത്തിലേയ്ക്ക് ഏത് ചരക്ക് വന്നാലും അതിർത്തിയിൽവച്ചുതന്നെ നികുതി ഈടാക്കിയും ചെക്ക്പോസ്റ്റിലെ കണക്കുകൾ കമ്പ്യൂട്ടറൈസേഷൻവഴി അക്കൗണ്ടിലാക്കിയും ഉദ്യോഗസ്ഥർ ഇവയെല്ലാം പരിശോധിച്ചും നികുതി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കോസ്റ്റൽ ഷിപ്പിംഗ് ഫെസിലിറ്റേഷൻ സെന്റർ കൊച്ചിയിൽ ആരംഭിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വേബ്രിഡ്ജ് സ്ഥാപിക്കുകയും ഇന്റഗ്രേറ്റഡ് റെയിൽവേ ചെക്ക് പോസ്റ്റിന് ഫാസ്റ്റ് ട്രാക്കിൽ ഭൂമി അക്വയർ ചെയ്യുകയും ചെയ്യുന്നതാണ്. ഈ വരുന്ന ആഗസ്റ്റ് മാസം മുതൽ റീ-ഓർഗനൈസേഷൻ നടപ്പാക്കിക്കൊണ്ട് ചെക്ക്പോസ്റ്റുകളിൽനിന്ന് കൃത്യമായ കണക്കുകൾ ശേഖരിക്കുന്നതാണ്. രണ്ട് മാസത്തിനുള്ളിൽ വൈഡ് ഏരിയാ നെറ്റ് വർക്ക് പൂർത്തിയാക്കാനും വാളയാർ ചെക്ക്പോസ്റ്റ് അടക്കമുള്ള 21 ചെക്ക്പോസ്റ്റുകളിൽ ഓൺ ലൈൻ സംവിധാനം നടപ്പാക്കാനും തീരുമാനമെടുത്തിട്ടുണ്ട്. 25 ലക്ഷം രൂപയിൽ കൂടുതൽ നികുതി അടയ്ക്കുന്നവർക്ക് ഇ-റിട്ടേൺ നൽകണമെന്നുള്ള വ്യവസ്ഥ നിർബന്ധമാക്കും. കണക്കുകളുടെ കൃത്യമായ ആഡിറ്റിനും സ്ക്രൂട്ടിണിക്കുമായി നികുതി വകുപ്പിലെ 3,000 പേർക്ക് അതിവിപുലമായ പരിശീലനം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജനപങ്കാളിത്തത്തോടുകൂടി ലക്കി വാറ്റ് ആഗസ്റ്റ് മുതൽ പുന:സംവിധാനം

ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ലോട്ടറി നിയമങ്ങൾ ലംഘിക്കുമ്പോൾ അതിനെതിരെ നടപടി എടുക്കാൻ ഗവണ്മെന്റിന് അധികാരമില്ലെന്നുള്ള കോടതി വിധിക്കെതിരെ അപ്പീൽ പോകാൻ തീരുമാനിച്ചിട്ടുണ്ട്. കർണ്ണാടക ലോട്ടറിയുടെ പ്രൊമോട്ടറായി ലിസ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യണമെന്നാണ് കേരള സർക്കാർ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ലിസ് കർണ്ണാടക സർക്കാരിന്റെ പ്രൊമോട്ടറല്ല എന്നും കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലെന്നുമുള്ള ഹൈക്കോടതി വിധിക്കെതിരെയും കേരളാ ഗവണ്മെന്റ് അപ്പീൽ പോകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഖജനാവിലേയ്ക്ക് വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി വാറ്റ് നികുതി 50 ശതമാനം കൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന് എല്ലാവരുടെയും സഹായം അഭ്യർത്ഥിക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ധാതുമണൽ ഖനനം പൊതുമേഖലയിൽ മാത്രമേ അനുവദിക്കാവൂ എന്നുള്ളതാണ് കേരള സർക്കാരിന്റെ വ്യവസായ നയം. സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ഖനനം നടത്താൻ പാടില്ല എന്ന് നിർദ്ദേശിച്ച തൃക്കുന്നപ്പുഴ, ആറാട്ടപുഴ എന്നീ പ്രദേശങ്ങളിൽ ഒരാൾക്കും ഖനനാനുമതി നൽകുന്നതല്ല. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഐ.ആർ.ഇ. നൽകിയ അപേക്ഷയിന്മേൽ ലീസ് നൽകാൻ ഗവണ്മെന്റ് ശുപാർശ ചെയ്തതേയുള്ളൂ. കഴിഞ്ഞ ഗവണ്മെന്റ് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമല്ലാതെ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ആർക്കും ഖനനാനുമതി നൽകുന്നതല്ല.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> കക്ഷിഭേദമെന്യേ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പ്രകടിപ്പിച്ച വികാരങ്ങൾ ഉൾക്കൊള്ളുകയാണ്. ഭൂമി സംബന്ധമായ കാര്യങ്ങളിൽ സർവ്വേ, റീ-സർവ്വേ, റിക്കാർഡുകൾ മെയിന്റയിൻ ചെയ്യുന്നതിലുള്ള പോരായ്മകൾ പരിഹരിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയില്ലെങ്കിൽ കൂടുതൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുമെന്നതിനാൽ റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. 729 വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ വകുപ്പിന് റെക്കോർഡ്സ് കൈമാറിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള ഊർജ്ജിതമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. റെസിഡന്റ്സ് അസോസിയേഷനുകൾ, പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടുകൂടി 90 ജീവനക്കാരെ ചുമതലപ്പെടുത്തിക്കൊണ്ട് തൈക്കാട് വില്ലേജിലെ റീ-സർവ്വേ പൂർത്തിയാക്കുന്നതിനായി ഒരു പൈലറ്റ് പ്രോജക്ട് തയ്യാറാക്കി അത് കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടും പേരൂർക്കട, ചിന്നക്കനാൽ എന്നീ വില്ലേജുകളിൽ നിന്നാണ് കൂടുതൽ പരാതികൾ ലഭിച്ചിട്ടുള്ളത്. അത് പരിഹരിച്ച് പോക്കുവരവ് ചെയ്ത് റിക്കാർഡുകൾ റവന്യൂ വകുപ്പിന് കൈമാറാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൃത്രിമ മാർഗ്ഗങ്ങളിലൂടെ വ്യാജ ആധാരങ്ങൾ ചമച്ച് ഭൂമി കൈമാറ്റം നടത്തുന്നത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റ് നടത്തുന്ന ശ്രമത്തിന് ജനപ്രതിനിധികളുടെ

സഹകരണം ആവശ്യമാണ്. സർക്കാർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാനും വ്യക്തികളുടെ ഭൂമി വ്യക്തികളുടേതായി സംരക്ഷിക്കാനുമുള്ള നടപടികളുടെ ഭാഗമായി അനധികൃതമായിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളും വ്യാജരേഖാടിസ്ഥാനത്തിൽ ഭൂമി സമ്പാദിക്കുന്നതും തടയുകയെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം. അതിന്റെ ഭാഗമായി ടാസ്ക്ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ശാസ്താംകോട്ട കുന്നത്തൂർ താലൂക്കിലും പീരുമേട് വാഗമണിലും അഡീഷണൽ ലാൻഡ് റവന്യൂ കമ്മിഷണറുടെ നേതൃത്വത്തിൽ മുപ്പതോളം ഉദ്യോഗസ്ഥരുടെ സഹായത്തോടെ പരിശോധന നടത്തുകയും അതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഗവണ്മെന്റിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വരുന്ന രണ്ട് മാസക്കാലംകൊണ്ട് 50 റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ആധുനിക യന്ത്രങ്ങളുപയോഗിച്ച് കയ്യേറ്റഭൂമി തിരിച്ചുപിടിക്കാനുള്ള ശക്തമായ തീരുമാനം എടുത്തിട്ടുണ്ട്. 648 കേസ്സുകളിലായി 14370.98 ഏക്കർ ഭൂമി ഒഴിപ്പിച്ച് ഗവണ്മെന്റിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിക്ഷിപ്തമാകുന്ന ഭൂമി പൊതുആവശ്യങ്ങൾക്കും ഭൂരഹിതരായ ആളുകൾക്കും കൊടുക്കത്തക്ക രീതിയിൽ എടുക്കുന്നതിനുവേണ്ടി ഒരു ലാൻഡ് ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കയ്യേറിയവരുടെ പേരിൽ ക്രിമിനൽ കേസ് എടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ലാൻഡ് അസൈൻമെന്റ് കമ്മിറ്റി അറിയാതെ നിയമമോ ചട്ടമോ നോക്കാതെ ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത വൃന്ദാവൻ പട്ടയങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് റദ്ദാക്കിയെങ്കിലും തുടർന്നുവന്ന യു.ഡി.എഫ്. ഗവണ്മെന്റ് അതെല്ലാം റഗുലറൈസ് ചെയ്തുകൊടുക്കുകയാണുണ്ടായത്. വ്യാജ

പട്ടയങ്ങൾ സംബന്ധിച്ച സുനിൽകുമാർ കമ്മീഷൻ റിപ്പോർട്ടിലെ 20 ശുപാർശകൾ അംഗീകരിച്ചുകൊണ്ടാണ് അനധികൃത പട്ടയങ്ങളുടെമേൽ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിയമവിരുദ്ധമായ പ്രവൃത്തി ആരുടെ ഭാഗത്തുനിന്നുണ്ടായാലും നിയമത്തിനുമുന്നിൽ അതെല്ലാം കൊണ്ടുവരാനും അവരുടെമേൽ നടപടി സ്വീകരിക്കാനുമാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് വിജിലൻസ് കേസും നടക്കുന്നുണ്ട്. പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് അർഹതപ്പെട്ടവർക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ കൊടുക്കുന്നതിന് 23-6-2007-ന് ഉത്തരവായിട്ടുണ്ട്. അമ്പലപ്പുഴയിൽ 7263 പേരുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 6,66,56,163 രൂപയുടെ സൗജന്യ റേഷൻ കൊടുത്തിട്ടുണ്ട് സൗജന്യ റേഷൻ. വിതരണത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതാണ്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സുനാമി ദുരിതാശ്വാസ പദ്ധതിയുടെ കാര്യത്തിൽ മുൻ ഗവൺമെന്റ് തീരുമാനിച്ചതിൽ നിന്ന് വ്യത്യസ്തമായി രണ്ട് കാര്യങ്ങൾകൂടി ഈ ഗവൺമെന്റ് കൂട്ടിച്ചേർക്കുകയും കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതായത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, എം.പി., എം.എൽ.എ. എന്നിവർക്ക് ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായം പറയുന്നതിനോ നിർദ്ദേശം നൽകുന്നതിനോ ഉള്ള അവസരം നൽകുക, റവന്യൂ ഡിസാസ്റ്റർ മാനേജുമെന്റിനെ കൂടാതെ സുനാമി പ്രവർത്തനങ്ങൾക്കുമാത്രം നേതൃത്വം കൊടുക്കാനായി ഒരു ഐ.എ.എസ്. ഓഫീസർ സെക്രട്ടറിയായുള്ള

ഒരു പുനരധിവാസ സെൽ രൂപീകരിക്കുക എന്നീ നിർദ്ദേശങ്ങളാണ് കൂട്ടി ച്ചേർത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സുനാമി പുനര ധിവാസ പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് പ്രത്യേകമായി ഒരു സംഖ്യയും നൽകിയിട്ടില്ല. ടി.ആർ.പി. സ്കീമിനാണ് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയത്. 2009 ഒക്ടോബർ മാസംവരെ കാലയളവുള്ള ഈ പദ്ധതിക്ക് 2007 ജനുവരി 2-നാണ് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയത്. 2009 സെപ്റ്റംബർ മാസത്തിനുള്ളിൽ ഈ വർക്കുകളെല്ലാം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സുനാമി ദുരിതാശ്വാസ പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ഈ സെഷനിൽത്തന്നെ സഭയിൽ സമർപ്പിക്കുന്നതാണ്. റിവർ മാനേജുമെന്റ് ഫണ്ടിൽ 59,85,00,000 രൂപയാണുള്ളത്. കഴിഞ്ഞ വർഷം 29 കോടി രൂപയ്ക്കുള്ള വർക്കിന് അനുമതി കൊടുത്തു. ആറാട്ടുപുഴ യിൽ കടൽഭിത്തി കെട്ടുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കണമെ ന്നാണ് തീരുമാനിച്ചിട്ടുള്ളത്. ക്രോംപ്ടൺ ഗ്രീവ്സിന് ഭൂമി നൽകിയത് 2006 നവംബറിൽ ഈ ഗവൺമെന്റ് റദ്ദ് ചെയ്തു. അവിടെ ഒരു അക്വാ ടെക്നോളജി പാർക്ക് തുടങ്ങുന്നതിനായി ഫിഷറീസും രജിസ്ട്രേഷനും വകു പ്പുമന്ത്രി സമർപ്പിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പ് പരിശോധിക്കുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സംസ്ഥാന കമ്മിറ്റിയും മന്ത്രിസഭയും ആലോചിച്ച് വളരെ വ്യക്തമായ ധാരണയോടുകൂടിയാണ് മൂന്നാർ ഒഴിപ്പിക്കൽ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഏതെങ്കിലും ഭാഗങ്ങളിൽ വീഴ്ചകളോ പോരായ്മകളോ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മൂന്നാറിന്റെ പ്രകൃതി

സൗന്ദര്യത്തിനിണങ്ങുന്ന ടൂറിസം പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി നടത്തുന്ന ഭൂമി കയ്യേറ്റങ്ങളെ കർശനമായി തടയുക, സർക്കാരിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുക എന്നിവയാണ് മൂന്നാറിന്റെ കാര്യത്തിൽ ഗവൺമെന്റ് ലക്ഷ്യമിടുന്നത്. മൂന്നാറിൽ സി.പി.ഐ. ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം 1959-ൽ കോട്ടയം സബ്‍രജിസ്ട്രാർ ഓഫീസ് മുഖേന രജിസ്റ്റർചെയ്ത് 339-ാം നമ്പർ ആധാരപ്രകാരം പണ്ടാരവക പാട്ടമെന്ന പേരിൽ സെന്റിന് 17,000 രൂപ വിലകൊടുത്ത് എം.എൻ. ഗോവിന്ദൻ നായരുടെ പേരിൽ വാങ്ങിയതാണ്. ഇത് കണ്ണൻദേവൽ ഹില്ലിൽപ്പെട്ട പാട്ടഭൂമിയിൽ ഉൾപ്പെടുന്നതല്ല. അതിനോട് ചേർന്നുള്ള 4 സെന്റ് വിരിവു വസ്തു അന്നത്തെ പാർട്ടി സെക്രട്ടറി പി.കെ. വാസുദേവൻ നായരുടെ അപേക്ഷ പ്രകാരം ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ തഹസീൽദാരുടെ ചുമതല വഹിച്ചിരുന്ന രവീന്ദ്രനാണ് പതിച്ചുനൽകിയത്. ഇതിന്റെ നിയമസാധുത ബഹുമാനപ്പെട്ട ഹൈക്കോടതിയും മറ്റു കോടതികളും അംഗീകരിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് നിരന്തരമായുണ്ടാകുന്ന ആക്ഷേപങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ആരംഭിച്ചിട്ടുള്ള നടപടികളെ തടസ്സപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ്. നിയമലംഘനം ആര് നടത്തിയാലും അതിനെ നിയമപരമായി നേരിടുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷനേതാവ് ഉന്നയിച്ച ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി തൃപ്തികരമല്ല എന്നാരോപിച്ച് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പ്രതിപക്ഷം സഭവിട്ട് പുറത്തുപോയി.)

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാത്തതിനാൽ അവ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.32-ന് പിരിഞ്ഞു.